# Disulfiram

പേര് (Generic) : ഡയ്സൾഫിറാം (Disulfiram)

Common Brand Names : Esperal, Antabuse

General category: Alcohol Deterrant Agent.

### ചരിത്രം :

1951 മുതൽ മദ്യപാനം നിർത്തുന്നതിന്റെ ഭാഗമായുള്ള ചികിത്സക്ക് ഫലപ്രദമായി ഉപയോഗിച്ചുവരുന്നു . ഈ മരുന്ന് ജനറിക് ആയി ലഭ്യമാണ്. (വ്യത്യസ്ത കമ്പനികൾ ഈ മരുന്നുണ്ടാക്കി മാർക്കറ്റിൽ ലഭ്യമാക്കുന്നു).

### പ്രധാന ഉപയോഗം എന്താണ് ?

മദ്യപാനം നിർത്തുന്നതിന്റെ ഭാഗമായിട്ടുള്ള ചികിത്സ .

### എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് മദ്യത്തിന്റെ പരിണാമപ്രക്രിയയെ തടസ്സപ്പെടുത്തി രക്തത്തിൽ 'അസെറ്റാൽഡിഹൈഡ്' അടിഞ്ഞു കൂടുവാൻ കാരണമാകുന്നു. തന്മൂലം മദ്യം കഴിക്കുമ്പോൾ ഛർദ്ദിയും ക്ഷീണവും അനുഭവപ്പെടുന്നു. ഈ മാറ്റങ്ങൾ മദ്യത്തിനോടുള്ള ആസക്തി കുറയ്ക്കുന്നു.

### കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഇക്കാര്യം ഡോക്ടറെ ഓർമ്മപ്പെടുത്തണം. പ്രായമായവരിലും കരൾ പ്രവർത്തനം തകരാറിലായവരിലും അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം .

© Institute for Mind and Brain (Inmind), Thrissur: 04884239000.

## ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?

നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും ഡോക്ടർ വിശകലനം ചെയ്യും. വൃക്ക രോഗം ,കരൾ രോഗം എന്നിവ ഉള്ളവരിൽ മരുന്നു തുടങ്ങുന്നതിനു മുൻപേ പ്രത്യേക പരിശോധനകൾ ആവശ്യമായി വരാം . ഡയ്സൾഫിറാം ഒരു ഹോസ്പ്പിറ്റലിലോ ഒരു സ്പെഷ്യൽ ക്ലിനിക്കിലോ വെച്ച് മാത്രമേ തുടങ്ങാവൂ.

## ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ലാത്തത് എപ്പോൾ?

1. മരുന്നിനോട് പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. കരളിന്റെ പ്രവർത്തനത്തിൽ കാര്യമായ തകരാറുണ്ടെങ്കിൽ.
3. വൃക്കയുടെ പ്രവർത്തനത്തിൽ കാര്യമായ തകരാറുണ്ടെങ്കിൽ.
4. ഗർഭിണികളിലും മുലയൂട്ടുന്നവരിലും .
5. ഹൃദയരോഗങ്ങൾ , അമിതമായ രക്തസമ്മർദ്ദം എന്നിവ ഉള്ളവരിൽ.

## മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

നിത്യേന 200mg മുതൽ 5 00 mg ഡോസ് വരെ ആണ് സാധാരണ ഉപയോഗിക്കാറുള്ളത്.

## ഈ മരുന്ന് ഏതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിലാണ് സാധാരണ ലഭിക്കാറുള്ളത്.

## സാധാരണ കഴിക്കുന്ന രീതി എന്താണ് ?

ഒരു നേരം കഴിച്ചാൽ മതി. ഭക്ഷണത്തിന്റെ കൂടെയോ അല്ലാതെയോ കഴിക്കാം.

## സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

മദ്യം ഒഴിവാക്കുകയാണെങ്കിൽ സാധാരണയായി യാതൊരുവിധ പ്രശ്നങ്ങളും ഉണ്ടാകാറില്ല. ആരംഭിച്ചു ആദ്യത്തെ ഒരു ആഴ്ചയ്ക്കകം , ചർദ്ദിക്കുള്ള പ്രവണത, ക്ഷീണം എന്നിവ പലപ്പോഴും കാണാം. എന്നാൽ കുറച്ചുദിവസത്തിനകം തന്നെ ഇവ മെച്ചപ്പെടാറുണ്ട്. ഈ മരുന്ന് കഴിച്ചുകൊണ്ടിരിക്കെ മദ്യം കഴിക്കുകയാണെങ്കിൽ ചർദ്ദിയും ക്ഷീണവും അനുഭവപ്പെടുന്നു.

## ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

അപൂർവ്വമായി കാണുന്ന ചില പ്രയാസങ്ങൾ ആണിവ. അപൂർവ്വം എങ്കിലും അപകടകരമായതിനാൽ ഇവ എടുത്തു പറയുന്നു എന്ന് മാത്രം.

© Institute for Mind and Brain (Inmind), Thrissur: 04884239000.

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ.
2. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക് അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ മരുന്നിനോടുള്ള അലർജി ആവാം.
3. ഈ മരുന്ന് കഴിച്ചുകൊണ്ടിരിക്കെ മദ്യം കഴിക്കുകയാണെങ്കിൽ ഛർദ്ദിയും ക്ഷീണവും അനുഭവപ്പെടുന്നു. ഇത്തരം പ്രയാസങ്ങൾ കൂടുതലായി അനുഭവപ്പെടുകയാണെങ്കിൽ ഏറ്റവും അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ പോയി ചികിത്സ തേടേണ്ടതാണ്.

## സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപ്പെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം .

## ഗർഭിണികൾക്ക് കഴിക്കാമോ ?

ഗർഭകാലത്ത് ഈ മരുന്ന് ഒഴിവാക്കുകയാണ് നല്ലത്.

## പാലൂട്ടുന്ന അമ്മമാർക്ക് കഴിക്കാമോ?

പാലിൽ ഈ മരുന്ന് വന്നേക്കാം. മുലയൂട്ടുന്നവർ ഈ മരുന്ന് ഒഴിവാക്കുകയാണ് നല്ലത്.

## കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഭക്ഷണം മരുന്നിനെ ബാധിക്കില്ല . മരുന്ന് തുടങ്ങുന്നതിന് 24 മണിക്കൂർ മുമ്പെങ്കിലും മദ്യപാന ഠ നിർത്തിയിരിക്കണം. മരുന്ന് കഴിച്ചു നിർത്തി ഒരാഴ്ച്ചകഴിഞ്ഞേ വീണ്ടും മദ്യം ഉപയോഗിക്കാവൂ. അല്ലെങ്കിൽ മേല്പറഞ്ഞ പ്രതികൂലഫലങ്ങൾ അനുഭവപ്പെടും. മദ്യം മാത്രമല്ല, ആൽക്കഹോളിന്റെ അംശം ഉണ്ടാകാനിടയുള്ള അരിഷ്ടങ്ങൾ, ചില കഫ് സിറപ്പുകൾ, ജാമുകൾ , അച്ചാറുകൾ, യീസ്റ്റ് ചേർത്തിട്ടുള്ള ഭക്ഷണവിഭവങ്ങൾ എന്നിവ ഉപയോഗിക്കുമ്പോഴും അത്തരം പ്രയാസങ്ങൾ അനുഭവപ്പെടാം. നിർദ്ദേശിച്ച അളവിൽ മാത്രം മരുന്ന് കഴിക്കുക.

## മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

## എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ നിർത്തരുത്. ഇത് രോഗം വീണ്ടും പ്രത്യക്ഷപ്പെടുവാൻ

© Institute for Mind and Brain (Inmind), Thrissur: 04884239000.

ഇടയാക്കിയേക്കാം. ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക. മരുന്ന്, ഡോക്ടർ നിർദ്ദേശിക്കുന്ന അവസരത്തിൽ തന്നെ നിർത്തുകയും ചെയ്യണം. തുടർന്ന് കഴിച്ചുകൊണ്ടിരിക്കരുത്.

in mind
prathirodham . chikitsa . athijeevanam

### ഈ മരുന്ന് ഉപയോഗിക്കുന്നവർ ഇതിനു ' അഡിക്റ്റ്ഡ് ' ആകുമോ ?

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി ഇതിനു 'അഡിക്റ്റ്ഡ്' ആകുവാനുള്ള സാദ്ധ്യത ഒരിക്കലുമില്ല. ഡോക്ടറുടെ നിർദ്ദേശ പ്രകാരം മാത്രമേ ഈ മരുന്ന് ഉപയോഗിക്കാവൂ. ഇത് നിർത്തുന്നതും ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

### ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.